ഉത്തരം

(എ-സി) പാലക്കാട് ജില്ലയിലെ ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ യഥാക്രമം 13-8-2014, 27-8-2014, 4-12-2014 തീയതികളിൽ വിജിലൻസ് പരിശോധന നടത്തുകയുണ്ടായി. പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ല. 27-11-2014 ൽ പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉള്ള സംഘം വേലന്താവളം വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽ പരിശോധന നടത്തുകയും ശ്രീ. കെ.കെ. രവീന്ദ്രൻ, ഓഫീസ് അറ്റൻഡന്റിൽ നിന്നും കണക്കിൽപ്പെടാത്ത 300 രൂപ കണ്ടെത്തുകയും ചെയ്തു. അതിനെ തുടർന്ന് അദ്ദേഹത്തെ 6-12-2014-ൽ എ 11-36126/14/സി.സ്റ്റി എന്ന ഉത്തരവുപ്രകാരം സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. പരിശോധന സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്നവരെ സ്ഥലം മാറ്റുകയും ചെയ്തു.

രജിസ്ട്രേഷൻ ഇല്ലാത്ത ചിട്ടി സ്ഥാപനങ്ങൾ

156 (4147) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ ഇല്ലാതെ ചിട്ടി നടത്തുന്ന ചിട്ടി സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) എത്ര ചിട്ടികൾ ഇപ്രകാരം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്; ഇത്തരം ചിട്ടികളിലൂടെ എത്ര രൂപയുടെ നഷ്ടമാണ് സർക്കാരിന് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയോ, ചിട്ടികളെയോ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ വകുപ്പിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ ;

(എഫ്) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന എത്ര ചിട്ടി സ്ഥാപനങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 109 സ്ഥാപനങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

ജില്ല	എണ്ണം
തിരുവനന്തപുരം	5
കൊല്ലം	20
പത്തനംതിട്ട	2
ആലപ്പുഴ	9
ഇടുക്കി	4
കോട്ടയം	6
എറണാകുളം	15
തൃശ്ശൂർ	14
പാലക്കാട്	17
മലപ്പുറം	3
കോഴിക്കോട്	9
വയനാട്	1
കണ്ണൂർ	1
കാസർഗോഡ്	3

(സി) മൂവായിരത്തോളം ചിട്ടികൾ ഇപ്രകാരം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഏകദേശം ഒരു കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചിട്ടി സ്ഥാപനങ്ങളിൽ പോലീസ് സഹായത്തോടെയും അല്ലാതെയും പരിശോധന നടത്തുകയും പല സ്ഥാപനങ്ങളിൽ നിന്നും അനധികൃത ചിട്ടികൾ നടത്തുന്നതിന്റെ രേഖകൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ദി ചിട്ട് ഫണ്ട്സ് ആക്ട്, 1982-ന വിധേയമായി തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ സംസ്ഥാനത്ത് വ്യാജചിട്ടികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ വിലയിരുത്തുന്നതിനായി നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കൺവീനറും വാണിജ്യ നികുതി കമ്മീഷണർ, കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർ, ഡി.ജി.പി.യുടെ പ്രതിനിധി, രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് (ഹെഡ്ക്വാർട്ടേഴ്സ്) എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ രജിസ്ട്രാർ കൺവീനറും ജില്ലാ പോലീസ് സൂപ്രണ്ട്/സിറ്റി പോലീസ് കമ്മീഷണർ, സെയിൽസ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ, ചിട്ടി ഇൻസ്പെക്ടർ/ചിട്ടി ആഡിറ്റർ എന്നിവർ അംഗങ്ങളുമായി ജില്ലാതല മോണിറ്ററിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ഇല്ലാതെ ചിട്ടിനടത്തുന്ന സ്ഥാപനങ്ങളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ഇ) അനധികൃത ചിട്ടി സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ ചിട്ടി ആക്ടും റൂളും അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(എഫ്) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ പ്രവർത്തിക്കുന്ന 31 ചിട്ടി സ്ഥാപനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	എണ്ണം
തിരുവനന്തപുരം	2
കൊല്ലം	4
പത്തനംതിട്ട	3
എറണാകുളം	2

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ	8
പാലക്കാട്	4
വയനാട്	3
കണ്ണൂർ	4
കാസർഗോഡ്	1

2013-14 വർഷത്തെ നികുതി വരവ്

157 (4148) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ എത്ര നികുതി വരവ് ഉണ്ടാവുമെന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത്; പ്രതീക്ഷിച്ച വരവ് എത്ര; യഥാർത്ഥ വരവ് എത്ര; 30-11-2014-ലെ കണക്ക് പ്രകാരം വിശദമാക്കാമോ;

(ബി) ടി സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും എത്രയാണ് നികുതി വിഹിതമായി ലഭിച്ചത്; എത്രയാണ് യഥാർത്ഥത്തിൽ ലഭിക്കേണ്ടിയിരുന്നത്; കുറവു വന്നിട്ടുണ്ടെങ്കിൽ എന്താണ് കാരണം എന്ന് വെളിപ്പെടുത്താമോ ;

(സി) സർക്കാർ ഹെഡുകളിൽനിന്നും തുക വിനിയോഗിക്കുന്നതിന് നിലവിൽ എന്തെല്ലാം നിർദേശങ്ങൾ ആണ് ധനകാര്യവകുപ്പ് വിവിധ വകുപ്പ് തലവൻമാർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ നികുതികൾ ആണ് വർദ്ധിപ്പിച്ചതെന്ന് വിശദാംശം നൽകാമോ ?

ഉത്തരം

(എ) ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2013-14-ൽ പ്രതീക്ഷിച്ച ആകെ സംസ്ഥാന നികുതി വരുമാനം 38771.10 കോടി രൂപയാണ്. പ്രസ്തുത വർഷം ലഭിച്ച യഥാർത്ഥ നികുതി വരുമാനം 31995.01 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പുസാമ്പത്തിക വർഷം ഒക്ടോബർ മാസാവസാനം വരെ ലഭിച്ച സംസ്ഥാന നികുതി വരുമാനം 19830 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly